(ഡി) ചില പരാതികൾ ഉണ്ടായിട്ടുണ്ട്.

(ഇ) ഓരോ റൂട്ടിലും സാധനങ്ങൾ വിതരണം ചെയ്യാൻ കൺസ്യൂമർ ഫെഡറേഷൻ തീയതി നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് സാധനങ്ങൾ കൃത്യമായി സംഘങ്ങൾക്ക് ലഭ്യമാക്കാൻ ഫെഡറേഷൻ ശ്രദ്ധിക്കുന്നുണ്ട്.

(എഫ്) നീതിസ്റ്റോറുകളുടെ പ്രവർത്തനത്തിന് സർക്കാരിൽനിന്നു സാമ്പത്തിക സഹായം നൽകിവരുന്നു. ആദ്യഘട്ടം 30,000 രൂപ വീതം എല്ലാ സംഘങ്ങൾക്കും നൽകി. 1998-99-ൽ ഫെഡറേഷനും സംഘങ്ങൾക്കുമായി 145.95 ലക്ഷം രൂപ വായ്പ, ഓഹരി, സബ്സിഡി എന്നീ ഇനങ്ങളിൽ നൽകി. 1999-2000-ൽ 120 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. എൻ.സി.ഡി.സി.സ്കീം പ്രകാരം, 1997-98-ൽ 569 സംഘങ്ങൾക്ക് ഓഹരിയായി 349.50 ലക്ഷം രൂപയും, 1998-99-ൽ 229 സംഘങ്ങൾക്ക് 121.75 ലക്ഷം രൂപയും അനുവദിച്ചു നൽകി. 1999-2000-ൽ ഈ പദ്ധതി തുടരുന്നതാണ്. നീതിസ്റ്റോറുകളുടെ യോഗങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ചചെയ്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

144 (288) സഹകരണരംഗത്തെ പ്രശ്നങ്ങൾ

ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഹകരണരംഗത്തെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു എത്ര കമ്മിറ്റികളെ നിയോഗിക്കുകയുണ്ടായി;

(ബി) ഓരോ കമ്മിറ്റിയും ഏതെല്ലാം വിഷയങ്ങളെ സംബന്ധിച്ചാണ് പഠനം നടത്തിയിട്ടുള്ളതെന്നും, ഓരോന്നിലും എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഈ ശുപാർശകളിൽ ഇതുവരെ നടപ്പാക്കിയിട്ടുള്ളവ ഏതെല്ലാമാണെന്നും ബാക്കിയുള്ളവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഏഴ് കമ്മിറ്റികളെ നിയമിക്കുകയുണ്ടായി.

(ബി&(സി) അനുബന്ധം 1-ൽ കാണാവുന്നതാണ്.†

145 (289) സഹകരണ മേഖലയിലെ ജനാധിപത്യം

ശ്രീ. കെ.എ. ചന്ദ്രൻ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly